**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **02-02-2026 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗശല്യം തടയാൻ വൈദ്യുതി വേലി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗങ്ങൾ പ്രത്യേകിച്ച് കാട്ടാനകൾ മൂലമുള്ള ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>മണ്ണാർക്കാട് മണ്ഡലത്തിൽ കോട്ടോപാടം, അലനല്ലൂർ, പുതൂർ, ഷോളയൂർ, അഗളി എന്നീ പഞ്ചായത്തുകളിലാണ് കാട്ടാനകൾ മൂലമുള്ള സംഘർഷം നിലവിലുള്ളത്. കാട്ടാനകൾ ജനവാസ-മേഖലയിലറങ്ങുന്നത് തടയാനായി നബാർഡ് ട്രാഞ്ചെ 28, ട്രാഞ്ചെ 29 - പദ്ധതികളിൽ ഉൾപ്പെടുത്തി 30 കി.മീ. സൗരോർജ്ജ തൂക്കുവേലികളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 22.38 കി.മീ നീളത്തിലുള്ള ഹാഗിംങ് സോളാർ ഫെൻസിംഗ് പണികൾ പുരോഗമിച്ചു വരുന്നുമുണ്ട്. തിരുവിഴാംകുന്ന് ലൈഫ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ അധികൃതർ രണ്ട് കി.മീ. ദൂരത്തിൽ ഹാംഗിങ്ങ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്.<br>മണ്ണാർക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആർ.ആർ.ടി. ശക്തിപെടുത്തുന്നതിനായി ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സേവനം ലഭ്യമാക്കുകയും, അട്ടപ്പാടി മേഖലയിൽ താൽക്കാലികമായി പ്രവർത്തിച്ചിരുന്ന ആർ.ആർ.ടി. യൂണിറ്റിന് അംഗീകാരം നൽകി ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ നിയമിച്ചിട്ടുമുണ്ട്.<br>മണ്ണാർക്കാട് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുതൂർ മേഖലയിലെ ആർ.ആർ.ടി.ക്ക് വാഹനം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>മണ്ണാർക്കാട് മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിൻറെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ 47 ഓളം തെരുവ് വിളക്കുകൾ സ്ഥാപിച്ചു.<br>അടിയന്തര സാഹചര്യങ്ങളിൽ ആർ.ആർ.ടി ഉൾപ്പെടെയുള്ള വാഹനങ്ങൾ എത്തിച്ചേരുന്നതിനായി അലനല്ലൂർ പഞ്ചായത്തിലെ ചോലമണ്ണ് പ്രദേശത്തുകൂടി റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോട്ടോപ്പാടം പഞ്ചായത്തിലെ പുളിച്ചിപ്പാറ, പാണക്കാടൻ എന്നിവിടങ്ങളിലും അലനല്ലൂർ പഞ്ചായത്തിലെ ചോലമണ്ണ് ഭാഗത്തും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിൻറെ ഭാഗമായി അടിക്കാടുകൾ വെട്ടി വൃത്തിയാക്കിയിട്ടുണ്ട്.<br>മിഷൻ സോളാർ ഫെൻസിംഗിൻറെ ഭാഗമായി കരടിയോട്, പുളിച്ചിപ്പാറ ഭാഗങ്ങളിൽ തകർന്ന് കിടന്നിരുന്ന ഫെൻസിംഗ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br><br>മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി കോട്ടോപാടം, കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കരിമ്പ, അഗളി, ഷോളയൂർ, പുതൂർ, തെങ്കര എന്നീ പഞ്ചായത്തുകളിൽ പ്രൈമറി റസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. മുന്നറിയിപ്പുകൾ നൽകുന്നതിനായി ജനപ്രതിനിധികളും, പൊതുജനങ്ങളും അടങ്ങിയ വാട്ട്സാപ്പ് കൂട്ടായ്മകൾ നിലവിലുണ്ട്.<br>അഗളി പഞ്ചായത്തിലെ കുറുക്കൻകുണ്ട് ഭാഗത്ത് CAMPA ഫണ്ട് ഉപയോഗിച്ച് ഒരു ചെക്ക് ഡാം ഉണ്ടാക്കിയത് മൂലം കാടിനകത്ത് തന്നെ ജല ലഭ്യതയും, ഭക്ഷണ ലഭ്യതയും ഉറപ്പാക്കുകയും, വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | വന്യമൃഗ ശല്യമുള്ള പ്രദേശങ്ങളിൽ വനം വകുപ്പ് സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി വേലികൾ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതിനാൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വൈദ്യുതി വേലികളുടെ അറ്റകുറ്റപ്പണി നടത്തിയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയത് സ്ഥാപിച്ചും വന്യമൃഗശല്യം ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ 'മിഷൻ സോളാർ ഫെൻസിംഗ്' എന്ന തീവ്രയജ്ഞ മിഷൻ നടത്തി വരികയാണ്. സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായിരുന്ന 1955 കിലോമീറ്റർ സൗരോർജ വേലികൾ, മിഷൻ സോളോർ ഫെൻസിങിന് കീഴിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. സൗരോർജ വേലികളുടെ തൽസ്ഥിതി വിലയിരുത്തി അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റ പണികൾ പൊതുജനപങ്കാളിത്തത്തോടെ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുയാണ് പദ്ധതിയുടെ ലക്ഷ്യം. 794 കി.മീ. നീളത്തിൽ പുതുതായി സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.<br>മിഷൻ സോളാർ ഫെൻസിംഗിന്റെ ഭാഗമായി എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലും സെക്ഷൻ ഓഫീസുകളിലും സോളാർ വേലികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഉപകരണങ്ങളും സാമഗ്രികളും സൂക്ഷിക്കുന്നതിനായി എല്ലാ സർക്കിളുകളിലും ടൂൾ റൂമുകൾ തയ്യാറാക്കിയിട്ടുണ്ട്. സോളാർ വേലി നിർമ്മാണത്തിനും പരിപാലനത്തിനും ഫീൽഡ് |

| | | | |
|---|---|---|---|
| | | | സ്റ്റാഫിന് പ്രായോഗിക പരിശീലനവും പൂർത്തീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സൗരോർജ്ജവേലികളുടെ പരിപാലനത്തിനായി പ്രത്യേക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. ബാറ്ററി, എനർജൈസർ തുടങ്ങിയവ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുവാൻ മാനന്തവാടി കേന്ദ്രീകരിച്ച് വനം വകുപ്പ് സ്വന്തമായി സോളാർ ഫെൻസിംഗ് സർവ്വീസ് സെന്ററും ആരംഭിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരുടേയും പൊതുജനങ്ങളുടേയും സഹായത്തോടെ വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ–വേലികളിൽ കൃത്യമായ ഇടവേളകളിൽ അടിക്കാടുകൾ വെട്ടിത്തെളിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ